## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2421** **09-12-2014 ലെ മറുപടിയ്ക്ക്**

## അന്യ സംസ്ഥാന ലോട്ടറികളുടെ അനിയന്ത്രിതമായ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. പി.എ. മാധവൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| എ) | കേരളത്തിൽ സിക്കിം ലോട്ടറി ഉൾപ്പെടെയുള്ള അന്യ സംസ്ഥാന ലോട്ടറികൾ അനിയന്ത്രിതമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ ; | എ) & ബി) | ഇല്ല. ഇപ്പോൾ അന്യ സംസ്ഥാന ലോട്ടറികൾ കേരളത്തിൽ പ്രവർത്തിക്കുന്നില്ല. |
| ബി) | അവർ തട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | | |
| സി) | ഇവയെ നിയന്ത്രിക്കുവാൻ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വിശദാംശം നൽകുമോ ? | സി) | കേന്ദ്ര ലോട്ടറി നിയമ പ്രകാരം ലോട്ടറി രംഗത്ത് നടക്കുന്ന നിയമ ലംഘനങ്ങൾ തടയുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ടെങ്കിലും നിലവിൽ തീർപ്പു കൽപ്പിക്കുവാനുള്ള നിയമ ലംഘനം സംബന്ധിച്ച കേസ്സുകളിൽ അന്തിമ വിധിവരുന്നതുവരെ നിയമ ലംഘനം നടത്തുന്നവരെ അറസ്റ്റ് ചെയ്യുന്നതും അത്തരക്കാരുടെ സ്ഥാപനങ്ങൾ പരിശോധിക്കുന്നതും ബഹു. സുപ്രീം കോടതി തടഞ്ഞിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ സംസ്ഥാനത്തിനനുകൂലമായ വിധി വരുന്ന പക്ഷം നിയമ ലംഘനം നടത്തുന്നവർക്കെതിരെ അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ.